LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതു സ്ഥലങ്ങളിലും സ്കൂൾ കോളേജുകൾ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിലും കഞ്ചാവും മയക്കുമരുന്നും വിൽപ്പന നടത്തുന്നത് തടയുവാനും കണ്ടുപിടിക്കുവാനും ശക്തമായ രഹസ്യ നിരീക്ഷണങ്ങളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. കഞ്ചാവിന്റെയും മയക്കുമരുന്നുകളുടെയും വില്പനയ്ക്കെതിരെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, സ്കൂൾ ലഹരി വിരുദ്ധ ക്ലബ്ബുകൾ എന്നിവയുമായി സഹകരിച്ച് റെയ്ഡുകൾ നടത്തി വരുന്നതോടൊപ്പം ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും മയക്കുമരുന്ന് വിൽപ്പന സംബന്ധിച്ച പരാതികൾ ശേഖരിക്കുന്നതിനായി വിവരശേഖരണപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് ഷാഡോ സംവിധാനം ഉപയോഗിച്ച് കഞ്ചാവിന്റെ വിതരണവും വില്പനയും സംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

(ബി) കഞ്ചാവും മയക്കുമരുന്നും വില്പന സംബന്ധിച്ച് പൊതുജനങ്ങൾ ഫോൺ മുഖേനയോ കത്തിലൂടെയോ അറിയിപ്പു നൽകിയാൽ ടി വിവരം രജിസ്റ്റർ ചെയ്ത് ഉടൻതന്നെ പ്രാഥമിക അന്വേഷണം നടത്തി പരാതിയിൽ കഴമ്പുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ നിയമാനുസൃതം കേസ്സ് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ 2014 ഓഗസ്റ്റ് മാസം മുതൽ നവംബർ 30 വരെ 57 പരാതികൾ ലഭിക്കുകയും വിശദമായ പരിശോധനകൾ നടത്തി 15 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. ശ്രീകാര്യത്തു നിന്നും പരാതികൾ ഒന്നുംതന്നെ ലഭിച്ചിട്ടില്ല.

തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി മാറ്റിയ നടപടി

125 (3757) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഓർഡിനൻസിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ബി) തുറമുഖ വകുപ്പിലെ ജീവനക്കാർക്ക് നിലവിൽ സർക്കാർ ജീവനക്കാർ എന്ന നിലക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള മാരിടൈം ബോർഡ് രൂപീകരിച്ചാൽ ലഭ്യമാക്കുമോ ;

(സി) കേരള സ്റ്റേറ്റ് മാരിടൈം ഡവലപ്പ്മെന്റ് കോർപ്പറേഷനെ കേരള മാരിടൈം ബോർഡിൽ ലയിപ്പിക്കുന്നുണ്ടോ ; വിശദാംശം നൽകുമോ ;

(ഡി) ഇറമുഖ വകുപ്പിന്റെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ; വ്യക്തമാക്കാമോ ;

(ഇ) ബോർഡിലേക്ക് ജീവനക്കാരെ മാറ്റുമ്പോൾ താല്പര്യമുള്ള ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേയ്ക്ക് പോകുവാൻ ഓപ്ഷൻ സൗകര്യം നൽകുമോ ; വ്യക്തമാക്കുമോ ;

(എഫ്) ഹിന്ദു ധർമ്മ സ്ഥാപന (ഭരണ) വകുപ്പിനെ മലബാർ ദേവസ്വം ബോർഡ് ആക്കി മാറ്റിയപ്പോൾ അവിടെ നിലവിലുണ്ടായിരുന്ന ജീവനക്കാരെ സർക്കാർ ജീവനക്കാരായി നിലനിർത്തിയ അതേ വ്യവസ്ഥകൾ ഇറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാർക്കും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇറമുഖ വകുപ്പിനെ കേരള മാരിടൈം ബോർഡാക്കി ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഓർഡിനൻസിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) മാരിടൈം ബോർഡ് ഓർഡിനൻസ് സെക്ഷൻ 16 (f), സെക്ഷൻ 17 പ്രകാരം ഇറമുഖ വകുപ്പിലെ നിലവിലുള്ള എല്ലാ സർക്കാർ ജീവനക്കാരേയും നിർദ്ദിഷ്ട മാരിടൈം ബോർഡിലെ ജീവനക്കാരാക്കി മാറ്റിയിട്ടുണ്ട്. സെക്ഷൻ 18 പ്രകാരം ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട്, പെൻഷൻ ഫണ്ട് ഉൾപ്പെടെയുള്ള എല്ലാ ഫണ്ടുകളും ബോർഡിലേക്ക് ട്രാൻസ്ഫർ ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജീവനക്കാരുടെ മാസ ശമ്പളം, പെൻഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും നൽകേണ്ടത് കേരള മാരിടൈം ബോർഡിന്റെ ബാദ്ധ്യതയാണ്.

(സി) ഉണ്ട്. നിർദ്ദിഷ്ട ഓർഡിനൻസ് സെക്ഷൻ 10 പ്രകാരം കേരള സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷനെയും സെക്ഷൻ 12 പ്രകാരം അതിലെ ജീവനക്കാരെയും മാരിടൈം ബോർഡിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ഡി) ഇറമുഖ വകുപ്പിന്റെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടില്ല. സെക്ഷൻ 14(3) പ്രകാരം ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിലെ ജീവനക്കാരെ സർക്കാരിന്റെ അനുമതിയോടുകൂടി ആവശ്യമായി വന്നാൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ബോർഡിലേയ്ക്ക് നിയമിക്കാവുന്നതാണ്.

(ഇ) നിർദ്ദിഷ്ട ഓർഡിനൻസ് വ്യവസ്ഥകൾ പ്രകാരം ജീവനക്കാർക്ക് മറ്റ് വകുപ്പുകളിലേയ്ക്ക് പോകാനുള്ള ഓപ്ഷൻ സൗകര്യം അനുവദിച്ചിട്ടില്ല.

(എഫ്) നിർദ്ദിഷ്ട ബോർഡിൽ ഇത്തരത്തിൽ ഒരു വ്യവസ്ഥ ഉൾക്കൊള്ളിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly